"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ വനിത അറ്റൻഡന്റ് (നിലവിൽ LDC) ശ്രീമതി.രജിത.ആർ.എസ് ന്റെ ജനന തീയതി എസ് എൽ സി ബുക്കിൽ ഭേദഗതി വരുത്തിയ പ്രകാരം സർവ്വീസ് ബുക്കിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2157/2022/LSGD തീയതി,തിരുവനന്തപുരം, 01-09-2022

---

പരാമർശം:-

1. 30/12/1991 ലെ സ.ഉ.(പി) നം.45/91/പി & എ.ആർ.ഡി
2. 6-7-2015 തീയതിയിലെ ശ്രീമതി.രജിത.ആർ.എസ് ന്റെ അപേക്ഷ.
3. 6-7-2015 തീയതിയിലെ ജോയിന്റ് കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷന്റെ K.DIS/EX/Ji/36105/2015/CGE നമ്പർ നടപടിക്രമം.
4. കൊല്ലം കോർപ്പറേഷൻ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 2-6-2021 തീയതിയിലെ ജി1-40275/15 നമ്പർ കത്ത്.
5. നഗരകാര്യഡയറക്ടറുടെ 17-2-2018,4-8-2018,5-3-2022, എന്നീതീയതികളിലെ ഇ9-10092/21 നമ്പർ കത്ത്.
6. നഗരകാര്യഡയറക്ടറുടെ 27-7-2022 തീയതിയിലെ DUA/6430/2022-E9 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ ഫീമെയിൽ അറ്റൻഡന്റ് (നിലവിൽ LDC) ശ്രീമതി.രജിത.ആർ.എസ് ന്റെ ജനന തീയതി , എസ് എസ് എൽ സി ബുക്കിൽ ഭേദഗതി വരുത്തിയ പ്രകാരം സേവനപുസ്തകത്തിൽ തിരുത്തൽ വരുത്തി നൽകുന്നതിനായി പരാമർശം(2) പ്രകാരമുള്ള അപേക്ഷയും അനുബന്ധരേഖകളും നഗരകാര്യഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി.രജിത.ആർ.എസ് കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ 7-7-2010ലാണ് സേവനം ആരംഭിച്ചതെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം(6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.അപേക്ഷകയുടെ SSLC ബുക്കിൽ ജനന തീയതി തിരുത്തുന്നതിനുള്ള അനുമതി നൽകി പരാമർശം(3) പ്രകാരം 6-7-2015ൽ ഉത്തരവായിരിക്കുന്നു. പരാമർശം(1) *പ്രകാരം സർക്കാർ ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ* ആവശ്യമെങ്കിൽ സേവനപുസ്തകത്തിലെ ജനനത്തീയതി തിരുത്തലിനു അപേക്ഷ സമർപ്പിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. *ശ്രീമതി.രജിത.ആർ.എസ് സർവ്വീസിൽ പ്രവേശിച്ചത് 7-7-2010ന് ആയതിനാൽ*

*ടിയാൾ 6-7-2015നുള്ളിൽ ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ മതി. ശ്രീമതി.രജിത.ആർ.എസ് ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ 6-7-2015ന് സമർപ്പിച്ചിട്ടുണ്ടെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.*

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.*ശ്രീമതി.രജിത.ആർ.എസ് സർവ്വീസിൽ പ്രവേശിച്ചത് 7-7-2010ന് ആയതിനാൽ പരാമർശം(1) പ്രകാരം ടിയാൾ 6-7-2015 നുള്ളിൽ* ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ മതി. ശ്രീമതി.രജിത.ആർ.എസ് ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ 6-7-2015ന് സമർപ്പിച്ചിരിക്കുന്നു. ശ്രീമതി.രജിത.ആർ.എസ് ആദ്യമായി സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതി 07/07/2010 നാണെന്നും ടിയാൾ *6-7-2015ന് ജനനതീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും* പരാമർശം(6) പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിലെ ഫീമെയിൽ അറ്റൻഡന്റ് (നിലവിൽ LDC) ശ്രീമതി.രജിത.ആർ.എസ് ന്റെ ജനന തീയതി എസ് എൽ സി ബുക്കിൽ ഭേദഗതി വരുത്തിയ പ്രകാരം സർവ്വീസ് ബുക്കിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ,കൊല്ലം
ശ്രീമതി രജിത ആർ.എസ്, ഫീമെയിൽ അറ്റൻഡന്റ് (നിലവിൽ LDC),കൊല്ലം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 02-09-2022 10:32:20**
സെക്ഷൻ ഓഫീസർ